**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1567** **19-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം-ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയവുമായി ബന്ധപ്പെട്ട റവന്യൂ രേഖകളിൽ, പ്രസ്തുത പ്രദേശത്തിന്റെ ഭൂമി തരം മാറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതുമൂലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ടെണ്ടർ, ടെണ്ടർ ആക്സെപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിക്കായി നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (5) പ്രകാരം പിണ്ടിമന പഞ്ചായത്ത് പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ സമർപ്പിച്ച ശുപാർശ, സംസ്ഥാനതല സമിതി കൺവീനർ കൂടിയായ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ NCA2/228/2023-AGRI നമ്പർ ഫയൽ ആയി പരിഗണനയിലിരിക്കുന്നതും നടപടി സ്വീകരിച്ചു വരുന്നതുമാണ്.**<br><br>എറണാകുളം ജില്ലയിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ പിണ്ടിമന വില്ലേജിൽ സർവ്വേ നമ്പർ 591/2-1-2, 592/7-4, 592/7-5, 592/8-1, 592/8-1-2, 592/8-2-10-3, 592/8-2-10-4, 592/8-2-2, 601/1-2-10-7, 591/2-2-5, 592/8-2-10-2-2-ൽ ഉൾപ്പെട്ട 69.27 ആർസ് നിലം പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഫോം നമ്പർ 2-ൽ സമർപ്പിച്ച അപേക്ഷയും, അതോടൊപ്പമുള്ള പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമായിരുന്നു. ടി വിഷയം കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകൃതമായ സംസ്ഥാനതല സമിതി 06.10.2023-ൽ പരിശോധിക്കുകയും സംസ്ഥാന സമിതിയിലെ വിദഗ്ധ അംഗം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും, ആയത് അടുത്ത സമിതി യോഗത്തിൽ പരിശോധിക്കുവാനും തീരുമാനിക്കുകയുമുണ്ടായി. |

| | | | |
|---|---|---|---|
| | | | ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സമിതിയിലെ വിദഗ്ധ അംഗം സ്ഥലം പരിശോധിക്കുകയും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിൽ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഏജൻസിയായ M/s KITCO, Ernakulam -ൽ നിന്നും സ്റ്റേഡിയം നിർമ്മാണത്തിന് ഉദ്ദേശിക്കുന്ന സ്ഥലത്തിനടുത്ത് കൂടി ഒഴുകുന്ന തണ്ണീർത്തടങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.<br><br>റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, പ്രസ്തുത വിവരങ്ങൾ പരിശോധിച്ച്, നിയമ പ്രകാരം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭൂമിയുടെ തരം മാറ്റൽ പ്രക്രിയ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | **കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിക്കായി നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (5) പ്രകാരം പിണ്ടിമന പഞ്ചായത്ത് പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ സമർപ്പിച്ച ശുപാർശ, സംസ്ഥാനതല സമിതി കൺവീനർ കൂടിയായ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ NCA2/228/2023-AGRI നമ്പർ ഫയൽ ആയി പരിഗണനയിലിരിക്കുന്നതും നടപടി സ്വീകരിച്ചു വരുന്നതുമാണ്.**<br><br>എറണാകുളം ജില്ലയിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ പിണ്ടിമന വില്ലേജിൽ സർവ്വേ നമ്പർ 591/2-1-2, 592/7-4, 592/7-5, 592/8-1, 592/8-1-2, 592/8-2-10-3, 592/8-2-10-4, 592/8-2-2, 601/1-2-10-7, 591/2-2-5, 592/8-2-10-2-2-ൽ ഉൾപ്പെട്ട 69.27 ആർസ് നിലം പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഫോം നമ്പർ 2-ൽ സമർപ്പിച്ച അപേക്ഷയും, അതോടൊപ്പമുള്ള പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമായിരുന്നു. ടി വിഷയം കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകൃതമായ സംസ്ഥാനതല സമിതി 06.10.2023-ൽ പരിശോധിക്കുകയും സംസ്ഥാന സമിതിയിലെ വിദഗ്ധ അംഗം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ സ്ഥലം പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കുവാനും, ആയത് അടുത്ത സമിതി യോഗത്തിൽ പരിശോധിക്കുവാനും തീരുമാനിക്കുകയുമുണ്ടായി.<br><br>ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സമിതിയിലെ വിദഗ്ധ അംഗം സ്ഥലം പരിശോധിക്കുകയും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിൽ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഏജൻസിയായ M/s KITCO, Ernakulam -ൽ നിന്നും സ്റ്റേഡിയം നിർമ്മാണത്തിന് ഉദ്ദേശിക്കുന്ന സ്ഥലത്തിനടുത്ത് കൂടി ഒഴുകുന്ന തണ്ണീർത്തടങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.<br><br>റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, പ്രസ്തുത വിവരങ്ങൾ പരിശോധിച്ച്, നിയമ പ്രകാരം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ